# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12-04-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ മൂന്നു ദിവസത്തെ പ്രത്യേക സമ്മേളനത്തിന് വ്യാഴാഴ്ച തുടക്കമാകും. വനിതാ സംവരണ ബിൽ സംബന്ധിച്ച് ലോക്സഭയിലെയും രാജ്യസഭയിലെയും കക്ഷി നേതാക്കൾക്ക് കത്തയച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**A three-day special session of Parliament will begin on Thursday. Prime Minister Narendra Modi writes to party leaders in the Lok Sabha and Rajya Sabha regarding the Women's Reservation Bill.**

2. പശ്ചിമ ബംഗാളിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തം; തമിഴ്നാട്ടിലും പ്രചാരണ പരിപാടികൾ ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ.

**Campaigning for the Assembly elections has intensified in West Bengal, while political parties have stepped up their campaign activities in Tamil Nadu.**

3. പശ്ചിമേഷ്യൻ മേഖലയിൽ നിന്നും ഇന്ത്യയുടെ എൽപിജി കപ്പലായ ജഗ് വിക്രം സുരക്ഷിതമായി യാത്ര തുടരുന്നതായി കേന്ദ്ര സർക്കാർ.

**Centre Says India's LPG Vessel Jag Vikram Continues Safe Voyage from West Asian Region.**

4. ഇസ്ലാമാബാദിൽ നടന്ന യു.എസ് - ഇറാൻ സമാധാന ചർച്ച പരാജയപ്പെട്ടതായി യു.എസ് വൈസ് പ്രസിഡന്റ് ജെഡി വാൻസ്.

**US and Iran fail to reach agreement after historic peace talks in Islamabad, says JD Vance.**

5. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ യു എ ഇ സന്ദർശനം തുടരുന്നു. പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ ഇന്ത്യൻ സമൂഹത്തിന്റെ സുരക്ഷ ഉറപ്പാക്കിയതിൽ യുഎഇ ഭരണകൂടത്തിന് നന്ദി അറിയിച്ച് വിദേശകാര്യ മന്ത്രി.

**External Affairs Minister S. Jaishankar Continues UAE Visit; Thanks United Arab Emirates Leadership for Ensuring Safety of Indian Community Amid West Asia Tensions.**

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ് - ഗുജറാത്ത് ടൈറ്റൻസിനെയും, മുംബൈ ഇന്ത്യൻസ് - റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെയും നേരിടും.

**In IPL Cricket Today Lucknow Super Giants to Face Gujarat Titans; Mumbai Indians to Take on Royal Challengers Bangalore.**

&&&&&&&&&&&&&&&&&

**HEADLINE-1**

**PM - WOMEN RESERVATION**

പാർലമെന്റിന്റെ മൂന്നു ദിവസത്തെ പ്രത്യേക സമ്മേളനത്തിന് വ്യാഴാഴ്ച തുടക്കമാകും. സമ്മേളനത്തിന് മുന്നോടിയായി രാജ്യസഭാ-ലോക്സഭാ കക്ഷി നേതാക്കൾക്ക് വനിതാ സംവരണ ബിൽ സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി കത്തയച്ചു. വനിതാ സംവരണ ബിൽ ഭേദഗതിയ്ക്ക് അംഗീകാരം നല്കാൻ എല്ലാ അംഗങ്ങളും ഒരുമിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. 2029 ലെ ലോക്സഭാ - നിയമസഭാ തിരഞ്ഞെടുപ്പുകളിൽ വനിതാ സംവരണം ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം ശ്രീ മോദി കത്തിൽ എടുത്തു പറഞ്ഞു. ഈ മാസം 18 വരെയാണ് പാർലമെന്റിന്റെ പ്രത്യേക സമ്മേളനം ചേരുക. വനിതാ സംവരണ നിയമം നടപ്പാകുന്നതോടു കൂടി 273 വനിതാ സീറ്റുകൾ ഉൾപ്പെടെ ലോക്സഭാ സീറ്റുകൾ 816 ആയി ഉയരും.

&&&&&&&&&&&&&&&&&

**BJP - WHIP**

ഈ മാസം 16 മുതൽ 18 വരെ നടക്കുന്ന പാർലമെന്റ് സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് ലോക്സഭയിലെയും രാജ്യസഭയിലെയും എല്ലാ അംഗങ്ങൾക്കും ബിജെപി മൂന്ന് വരി വിപ്പ് പുറപ്പെടുവിച്ചു. ഹാജർ നിർബന്ധമാണെന്നും ഈ കാലയളവിൽ അവധി അനുവദിക്കില്ലെന്നും പാർട്ടി അറിയിച്ചു.

&&&&&&&&&&&&&&&&&

**HEADLINE-2**

**FUR. REV. WB-CAMPAIGN**

പശ്ചിമ ബംഗാളിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി അല്പസമയത്തിനകം സിലിഗുരിയിലെ കവാഖാലിയിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്യും. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് സോണമുഖിയിലും നന്ദ കുമാറിലും കാന്തി ദോഖിനിലും റാലികളിൽ പങ്കെടുക്കും. തൃണമൂൽ കോൺഗ്രസിന് വേണ്ടി മുതിർന്ന നേതാവും മുഖ്യമന്ത്രിയുമായ മമത ബാനർജി കിഴക്കൻ ബർദ്ധമാൻ, പടിഞ്ഞാറൻ ബർദ്ധമാൻ, ബങ്കുര ജില്ലകളിലെ റാലികളിൽ സംസാരിക്കും. ടിഎംസിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി അഭിഷേക് ബാനർജി ഹൂഗ്ലിയിൽ പ്രവർത്തകരെ അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

**PM – TN BJP**

തമിഴ്നാട്ടിലെ തിരഞ്ഞെടുപ്പ് പ്രചാരണത്തിൻ്റെ ഭാഗമായി ശ്രീ നരേന്ദ്ര മോദി നാളെ വൈകുന്നേരം മേരാ ബൂത്ത്, സബ്സേ മസ്ബൂത്ത് സംവാദ് പരിപാടിയിൽ ബിജെപി പ്രവർത്തകരുമായി സംവദിക്കും.തമിഴ്നാട്ടിൽ ഡിഎംകെയുടെ മോശം ഭരണം തുറന്നുകാട്ടിയത് അവിടത്തെ ബിജെപി പ്രവർത്തകരാണെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. അതേസമയം ഡിഎംകെ നേതാവും മുഖ്യമന്ത്രിയുമായ എം.കെ സ്റ്റാലിൻ, ടി.വികെ അധ്യക്ഷനും നടനുമായ വിജയ് എന്നിവരും പ്രചാരണ രംഗത്ത് സജീവമാണ്.

&&&&&&&&&&&&&&&&&&

**ELECTION COMMISSION**

കേരളം, പുതുച്ചേരി, അസം നിയമസഭാ തിരഞ്ഞെടുപ്പുകൾ ആഗോള ശ്രദ്ധ ആകർഷിച്ചെന്ന് തിരഞ്ഞെടുപ്പ് കമ്മിഷൻ. അന്താരാഷ്ട്ര തിരഞ്ഞെടുപ്പ് സന്ദർശന പരിപാടിയുടെ ഭാഗമായി 22 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിലെത്തി പ്രക്രിയകൾ നേരിട്ട് വിലയിരുത്തി. വോട്ടെടുപ്പിന്റെ വ്യാപ്തിയും കൃത്യതയും ആവേശവും കണ്ടറിഞ്ഞതായി സംഘം പ്രതികരിച്ചു.

&&&&&&&&&&&&&&&&&&

**STRONG ROOM– MALAPPURAM**

മലപ്പുറം ജില്ലയിൽ വോട്ടിംഗ് യന്ത്രങ്ങൾ സീൽ ചെയ്തു സൂക്ഷിച്ച സ്ട്രോംഗ് റൂമുകളുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്ന് ജില്ലാ ഇലക്ഷൻ ഓഫീസറായ കലക്ടർ വിനയ് ഗോയൽ അറിയിച്ചു. എല്ലാ വോട്ടിംഗ് യന്ത്രങ്ങളും പോളിംഗ് പൂർത്തിയായ ശേഷം സീൽ ചെയ്ത് രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ സാന്നിധ്യത്തിൽ മണ്ഡലങ്ങളുടെ സ്ട്രോങ് റൂമുകളിൽ സൂക്ഷിച്ചതായി അദ്ദേഹം പറഞ്ഞു. പൂർണ്ണമായ വീഡിയോഗ്രഫി, സി സി ടി വി സംവിധാനങ്ങളോട് കൂടി കേന്ദ്ര സായുധ സേന ഉൾപ്പെടെയുള്ള ത്രിതല സുരക്ഷാ സംവിധാനത്തോടെയാണ് വോട്ടിംഗ് യന്ത്രങ്ങൾ സൂക്ഷിച്ചതെന്നും ജില്ലാ കലക്ടർ അറിയിച്ചു.

&&&&&&&&&&&&&&&&&&

**NHAI- FASTAG**

രാജ്യത്തുടനീളമുള്ള ദേശീയപാത ടോൾ പ്ലാസകളിലെ എല്ലാ പണമിടപാടുകളും ഡിജിറ്റൽ സംവിധാനങ്ങളായ ഫാസ്റ്റാഗ് അല്ലെങ്കിൽ UPI വഴി മാത്രമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി ഉപരിതല ഗതാഗത, ദേശീയ പാതാ മന്ത്രാലയം അറിയിച്ചു. തിരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ തമിഴ്നാട്, കേരളം, അസം, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശമായ പുതുച്ചേരിയിലും ഈ മാറ്റം നടപ്പിലാക്കിയിട്ടില്ലെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**HEADLINE-3**

**INTER MINISTERIAL - WEST ASIA(INTRO)**

***പശ്ചിമേഷ്യൻ മേഖലയിൽ തുടരുന്ന ഇന്ത്യൻ കപ്പലുകളെയും നാവികരെയും സുരക്ഷിതരാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചതായി തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രാലയം. ഇന്നലെ ഹോർമുസ് കടലിടുക്ക് കടന്ന ഇന്ത്യയുടെ എൽപിജി കപ്പലായ ജഗ് വിക്രം സുരക്ഷിതമായി യാത്ര തുടരുകയാണ്.***

***വിശദാംശങ്ങളിലേക്ക്....***

***(VO)***

***ഏകദേശം 20,400 മെട്രിക് ടൺ എൽപിജി ചരക്കുകളും 24 നാവികരുമായി യാത്ര തുടരുന്ന ജഗ് വിക്രം ഈ മാസം 15 ന് മുംബൈയിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്ര സർക്കാർ അറിയിച്ചു. രാജ്യത്തുടനീളം എൽപിജിയുടെ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിനുള്ള പരിശോധനകൾ തുടരുകയാണെന്നും സർക്കാർ വ്യക്തമാക്കി. കഴിഞ്ഞ ദിവസം 214 എൽപിജി വിതരണക്കാർക്ക് പിഴ ചുമത്തുകയും 55 ലൈസൻസ് സസ്പെൻഡ് ചെയ്യുകയും ചെയ്തു. കൂടാതെ വളം നിർമ്മാണശാലകൾക്കുള്ള പ്രകൃതിവാതക വിഹിതം 5 ശതമാനം കൂടി വർദ്ധിപ്പിച്ചതായി കേന്ദ്രസർക്കാർ പറഞ്ഞു. മാർച്ച് മുതൽ ഏകദേശം 4.15 ലക്ഷം പിഎൻജി കണക്ഷനുകൾ നൽകിയതായും 4.55 ലക്ഷം പേർ പുതിയ കണക്ഷന് വേണ്ടി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.***

*ന്യൂസ്ഡെസ്ക് ആകാശവാണി......*

&&&&&&&&&&&&&&&&&&

## HEADLINE-5

## MORN. JAISHANKAR UAE

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ രണ്ടു ദിവസത്തെ യു എ ഇ സന്ദർശനം തുടരുന്നു. പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യങ്ങളും മേഖലയിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയും സംബന്ധിച്ച് അബുദാബിയിൽ ശ്രീ ജയ്ശങ്കർ ഉന്നതതല ചർച്ചകൾ നടത്തും. ഇന്നലെ അദ്ദേഹം യുഎഇ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യൻ സമൂഹത്തിന്റെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിൽ യുഎഇ സർക്കാർ നൽകുന്ന പിന്തുണയ്ക്ക് വിദേശകാര്യ മന്ത്രി നന്ദി അറിയിച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-4

## WEST ASIA ( INTRO)

*പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കാനായി ഇസ്ലാമാബാദിൽ നടന്ന യു.എസ് - ഇറാൻ സമാധാന ചർച്ച പരാജയപ്പെട്ടതായി യു. എസ് വൈസ് പ്രസിഡന്റ് ജെഡി വാൻസ്. ഏകദേശം 21 മണിക്കൂർ നീണ്ട ചർച്ച ഒരു കരാറുമില്ലാതെ അവസാനിച്ചു. അമേരിക്കയുടെ നിർദേശങ്ങൾ ഇറാൻ അംഗീകരിക്കില്ലെന്നും അവസാന ശ്രമമെന്ന നിലയിൽ മികച്ച നിർദേശങ്ങൾ വീണ്ടും മുന്നോട്ടു വച്ചതായും വാൻസ് പറഞ്ഞു.*

*( വോയിസ്....)*

*ചില അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കപ്പെട്ടില്ലെന്നും സംഭാഷണം തുടരുമെന്നും ഇറാൻ ഭരണകൂടം പ്രസ്താവനയിൽ അറിയിച്ചു. പശ്ചിമേഷ്യയിൽ വെടിനിർത്തലിനുള്ള ശ്രമങ്ങൾ, അമേരിക്കയുടെ കൈവശമുള്ള ഇറാനിയൻ ആസ്തികൾ വിട്ടയക്കൽ, ഹോർമുസ് കടലിടുക്ക് വഴിയുള്ള കപ്പൽഗതാഗതം തുടങ്ങിയവയാണ് പ്രധാനമായും*

***ചർച്ചയായത്. അതേസമയം, യുദ്ധത്തിൽ അമേരിക്ക ഇതിനകം വിജയിച്ചതായി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ആവർത്തിച്ചു.***

&&&&&&&&&&&&&&&&&&

**VP - TRIBAL INDIA**

സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾച്ചേർത്തു കൊണ്ട് മാത്രമേ യഥാർത്ഥ വികസനം സാധ്യമാകൂ എന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ന്യൂഡൽഹിയിൽ ട്രൈബൽ ഇന്ത്യ ത്രൂ ടെക്നോളജി ആൻഡ് സയൻസ് എന്ന ദേശീയ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിലെ ഗോത്ര മേഖലകൾ ഹരിത സാമ്പത്തിക വികസനത്തിന് സുപ്രധാന സംഭാവനകൾ നൽകുന്നതായും ഉപരാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## OBIT - ASHA BHOSLE

പ്രശസ്ത ഗായിക ആശ ഭോസ്‌ലെ അന്തരിച്ചു. 92 വയസായിരുന്നു. അണുബാധ അടക്കമുള്ള ആരോഗ്യ പ്രശനങ്ങൾ കാരണം ദക്ഷിണ മുംബയിലെ ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയായിരുന്നു. എട്ട് പതിറ്റാണ്ടിലേറെയുള്ള സംഗീത ജീവിതത്തിൽ, ഗസലുകളും പ്രണയ ഗാനങ്ങളുമുൾപ്പെടെ ആലപിച്ചു കൊണ്ട് ജനഹൃദയങ്ങളെ കീഴടക്കിയ ഗായികയാണ് ആശ ഭോസ്ലെ.

&&&&&&&&&&&&&&&&&&

**LOKBHAVAN-AMBEDKAR JAYANTHI**

അംബേദ്കർ ജയന്തി ദിനമായ ഏപ്രിൽ പതിനാലിന് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ലോക് ഭവനിൽ സംഘടിപ്പിക്കുന്ന പരിപാടിയെ അഭിസംബോധന ചെയ്യും. വൈകിട്ട് നാല് മണിക്ക് നടക്കുന്ന ചടങ്ങിൽ

ഗവർണർ രാജേന്ദ്രവിശ്വനാഥ് ആർലേക്കർ അധ്യക്ഷത വഹിക്കും. അന്നേ ദിവസം രാവിലെ നിയമസഭാ സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ പുഷ്പാർച്ചന നടത്തും.

&&&&&&&&&&&&&&&&&

**HEADLINE-6**

**IPL CRICKET**

ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് രണ്ട് മത്സരങ്ങൾ. ലക്നൗ സൂപ്പർ ജയന്റ്സ് -ഗുജറാത്ത് ടൈറ്റൻസിനെയും, മുംബൈ ഇന്ത്യൻസ് - റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെയും നേരിടും. വൈകുന്നേരം 3.30നും, രാത്രി 7.30നുമാണ് മത്സരങ്ങൾ.

&&&&&&&&&&&&&&&&&

**ISL FOOTBALL**

ഐഎസ്എൽ ഫുട്ബോളിലും, ഇന്ന് രണ്ടു മത്സരങ്ങൾ നടക്കും. വൈകുന്നേരം 5 മണിക്ക് നടക്കുന്ന മത്സരത്തിൽ ഇന്റർ കാശി - മുഹമ്മദൻ എസ്സിയുമായി ഏറ്റുമുട്ടും. 7.30 ന് മോഹൻ ബഗാൻ സൂപ്പർ ജയന്റ് - പഞ്ചാബിനേയും നേരിടും.

&&&&&&&&&&&&&&&&&

**IMD WEATHER**

ആന്ധ്രപ്രദേശ്, തീരദേശ കർണാടക, ഗുജറാത്ത്, ഒഡീഷ, തമിഴ്നാട്, പുതുച്ചേരി , കാരൈക്കൽ എന്നിവിടങ്ങളിൽ ചൂട് തുടരുമെന്ന് കാലാവസ്ഥ വകുപ്പ്. എന്നാൽ രാജ്യത്തിന്റെ വടക്കു കിഴക്കൻ മേഖലകളിൽ അടുത്ത രണ്ടു ദിവസം ഇടിയോടു കൂടിയ മഴയ്ക്കും സാധ്യതയുണ്ട്. ലഡാക്ക്, ജമ്മുകശ്മീർ, മാഹി, കേരളം അടക്കമുള്ള ഇടങ്ങളിലും മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് വ്യക്തമാക്കി.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&